**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 153</u>** **<u>05-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>വിഷൻ 2031</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളീയ പ്രവാസികളുടെ സംഭാവനകൾ കേരളത്തിന്റെ സാമൂഹ്യ പുരോഗതിയിലും സാമ്പത്തിക വളർച്ചയിലും വളരെ ആഴത്തിൽ സ്വാധീനിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ സമഗ്രമായ സാമൂഹിക-സാമ്പത്തിക വളർച്ചയിൽ പ്രവാസികൾ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ത്യയിലേക്ക് എത്തുന്ന പ്രവാസി വരുമാനത്തിന്റെ 20 ശതമാനത്തോളം കേരളത്തിലേക്കാണ് എത്തുന്നത്. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് കരുത്ത് പകരുന്നു. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് പ്രവാസികൾ ആർജ്ജിച്ചെടുക്കുന്ന അറിവും തൊഴിൽ നൈപുണ്യവും ആധുനിക സാങ്കേതികവിദ്യകളും കേരളത്തിന്റെ വികസന പ്രക്രിയയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള മികച്ച മാതൃകകളും ആശയങ്ങളും കേരളത്തിലെ സേവന മേഖലയിലേക്കും, വിദ്യാഭ്യാസ രംഗത്തേക്കും സംരംഭകത്വത്തിലേക്കും എത്തിക്കുന്നതിൽ സ്തുത്യർഹമായ പങ്ക് വഹിക്കുന്നുണ്ട്. കേരളത്തികേരളത്തിന്റെ സാമ്പത്തിക / സാമൂഹ്യ പുരോഗതിയുടെ വേഗത വർദ്ധിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തും ആരോഗ്യ മേഖലയിലും ഉൾപ്പെടെ സമസ്ത മേഖലകളിലും പ്രവാസികളുടെ അനുഭവസമ്പത്തും നിക്ഷേപങ്ങളും ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.ൽ നിന്ന് പുറത്തേക്കും തിരിച്ചും പ്രവാസികൾ വഴി അറിവും ആശയവും നൈപുണ്യവും അഭിരുചിയും മൂലധനവും സുഗമമായി വിനിമയം ചെയ്യുന്നുണ്ട്. ഇത് കേരളത്തിന്റെ സാമ്പത്തിക / സാമൂഹ്യ പുരോഗതിയുടെ വേഗത വർദ്ധിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്തും ആരോഗ്യ മേഖലയിലും ഉൾപ്പെടെ സമസ്ത മേഖലകളിലും പ്രവാസികളുടെ അനുഭവസമ്പത്തും നിക്ഷേപങ്ങളും ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മാറിവരുന്ന ആഗോള കുടിയേറ്റ സാഹചര്യങ്ങളെ മുൻനിർത്തി നോർക്ക വിഷൻ 2031 എന്ന പേരിൽ ദീർഘകാല നയരൂപീകരണത്തിനായി പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ; | (ബി) | കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന രീതിയിൽ കേരളീയ പ്രവാസികാര്യ വകുപ്പിന്റെ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ നയരേഖ രൂപപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരളീയ പ്രവാസികാര്യ വകുപ്പ് വിഷൻ 2031 സെമിനാർ സംഘടിപ്പിച്ചത്. പ്രസ്തുത നയരേഖയെ അടിസ്ഥാനപ്പെടുത്തിയാണ് ഭാവി കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന അടുത്ത അഞ്ചു വർഷത്തേക്കുള്ള പ്രവാസികാര്യ വകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് . |
| (സി) | ഗൾഫ് രാജ്യങ്ങളെ മാത്രം ആശ്രയിച്ചിരുന്ന മലയാളി പ്രവാസികൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ യൂറോപ്പ്, കാനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ്, ആഫ്രിക്ക, കിഴക്കൻ ഏഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് കുടിയേറുന്നത് കേരളീയരുടെ കുടിയേറ്റ പ്രവണതയുടെ വ്യാപ്തി വ്യക്തമാക്കുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു കാലത്ത് ഗൾഫ് രാജ്യങ്ങളെ മാത്രം ആശ്രയിച്ചിരുന്ന മലയാളികൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ, കേരളത്തിന്റെ പരമ്പരാഗത കുടിയേറ്റ സ്ഥാനങ്ങൾ വിട്ട് പുതിയ രാജ്യങ്ങളിലേക്ക് തൊഴിലവസരങ്ങൾ തേടി പോകുന്നുണ്ട്. കേരള മൈഗ്രേഷൻ സർവ്വേകൾ പ്രകാരം പ്രവാസികൾക്കിടയിൽ വികസിത രാജ്യങ്ങളിലേക്കു കുടിയേറുന്നവരുടെ അനുപാതം വർദ്ധിക്കുന്നുണ്ട്. പാശ്ചാത്യ രാജ്യങ്ങളിൽ പൗരത്വം സ്വീകരിച്ച് സ്ഥിരതാമസമാക്കുന്ന കേരളീയരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മലയാളികൾ വിദ്യാഭ്യാസ നിലവാരത്തിലും തൊഴിൽ നൈപുണ്യത്തിലും കൈവരിച്ച പുരോഗതിയാണ് ഈ മാറ്റത്തിന്റെ പ്രധാന കാരണം. ആദ്യകാലത്ത് ആരോഗ്യ പ്രവർത്തകരും ഐടി പ്രൊഫഷണലുകളും മാത്രം കുടിയേറിയിരുന്ന സ്ഥാനത്ത് ഇന്ന് മാനേജ്മെന്റ് പ്രൊഫഷണലുകൾ, അക്കൗണ്ടിംഗ് വിദഗ്ധർ, അക്കാദമിക്ക് വിദഗ്ധർ, തൊഴിൽ വൈദഗ്ധ്യമുള്ളവർ, സംരംഭകർ എന്നിവർ വികസിത രാജ്യങ്ങളിലേക്ക് കുടിയേറുന്നു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേക്കും തെക്ക് കിഴക്കൻ രാജ്യങ്ങളിലേക്കും മലയാളികൾ കൂട്ടതലായി കുടിയേറുന്നുണ്ട്. നോർക്ക ഐഡി കാർഡ് പോർട്ടലിലെ കണക്കുകൾ പ്രകാരം 182 രാജ്യങ്ങളിൽ മലയാളി സാന്നിധ്യമുണ്ട്. |
| (ഡി) | കേരള മൈഗ്രേഷൻ സർവേ പ്രകാരം നിലവിൽ എത്ര മലയാളികളാണ് വിദേശരാജ്യങ്ങളിൽ തൊഴിലെടുത്തു വരുന്നതെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (ഡി) | 2023-ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം കേരളത്തിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് കുടിയേറിയിട്ടുള്ള പ്രവാസികളുടെ എണ്ണം 2154275 ആണ്. അതിൽ പുരുഷന്മാരുടെ എണ്ണം 1748580ഉം |

| | | | |
|---|---|---|---|
| | | | സ്ത്രീകളുടെ എണ്ണം 405695 ഉം ആണ്. ആകെ പ്രവാസികളിൽ 80.5 ശതമാനം പേരും ഗൾഫ് രാജ്യങ്ങളിലാണ് ജോലി ചെയ്യുന്നത്. ഇതിൽ യു.എ.ഇ (38.6%), സൗദി അറേബ്യ (16.9%), ഖത്തർ (9.1%) എന്നിവയാണ് മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ. |

സെക്ഷൻ ഓഫീസർ